"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - വയനാട് ഡിവിഷനിലെ ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 10.02.2023-ൽ നടത്തിയ പരിശോധന - കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1111/2024/TAXES തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15/05/2023-ലെ E16(SC-48/2022/WYD)277740/2022/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 08/10/2023-ലെ VIG-A2/241/2023/VIG നമ്പർ കത്ത്.
3. എക്സൈസ് കമ്മീഷണറുടെ 16/05/2024,03/09/2024 തീയതികളിലെ EXC/5867/2023-XE4 നമ്പർ കത്തുകൾ
4. 01/07/2024- ലെ നികുതി-എഫ്2/111/2023/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
5. സിവിൽ എക്സൈസ് ഓഫീസർ സ/ശ്രീ.പ്രിൻസ്.റ്റി.ജി, സുഷാദ്.പി.എസ് എന്നിവർ സമർപ്പിച്ച എതിർവാദ പത്രികകൾ.

**ഉത്തരവ്**

വയനാട് ഡിവിഷനിലെ ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 10.02.2023-ൽ നടത്തിയ പരിശോധനയിൽ 250/- രൂപ കണ്ടെത്തുകയുണ്ടായതിന്മേലും, കർണ്ണാടക ഐ.എം.എഫ്.എൽ-ന്റെ ഒഴിഞ്ഞ ബോട്ടിലുകൾ ഓഫീസിലും പരിസരത്തും കാണപ്പെട്ടതിന്മേലും, വാഹന പരിശോധനാ വിവരങ്ങൾ അനൗദ്യോഗികമായി സർട്ടിഫൈ ചെയ്യാത്ത നോട്ടുബുക്കിൽ രേഖപ്പെടുത്തി വച്ചത് കണ്ടെത്തിയതിന്മേലും, വിജിലൻസ് വകുപ്പിന്റെ പരാമർശം (1), (2) ശുപാർശയുടെ അടിസ്ഥാനത്തിൽ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.റ്റി.ജി.പ്രിൻസ്, സുഷാദ്.പി.എസ് എന്നിവരിൽ നിന്നും, മേൽ നോട്ടത്തിൽ നിരുത്തരവാദപരമായി പെരുമാറിയതിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.മുരുഗദാസിൽ നിന്നും വിശദീകരണം വാങ്ങി ആയതിന്മേലുള്ള അഭിപ്രായം വ്യക്തമായ ശുപാർശയോടെ സമർപ്പിക്കുന്നതിനും, ടി ചെക്ക്പോസ്റ്റിൽ എക്സൈസ് ഇൻസ്പെക്ടർ/ പ്രിവന്റീവ് ഓഫീസർ എന്നിവർ ഡ്യൂട്ടിയിൽ

ഉണ്ടാകുന്ന വിധത്തിൽ ചെക്ക്പോസ്റ്റിലെ ഡ്യൂട്ടി ടേണുകൾ ക്രമീകരിക്കുന്നതിനും, വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി .

2. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞിരിക്കുന്ന കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദികരണം വാങ്ങി ടി വിശദീകരണത്തിൻമേൽ എക്സൈസ് കമ്മീഷണർ പരാമർശം (3) ലെ 16.05.2024- ലെ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

i) പഴയ എക്സൈസ് ചെക്ക് പോസ്റ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നിന്നും കണക്കിൽപെടാത്ത തുക വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധനയിൽ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം ഗൗരവതരവും, ആയതിന് ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതുമാണെന്നും ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.പ്രിൻസ്.റ്റി.ജി, സുഷാദ്.പി.എസ് എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാളുകൾക്ക് പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്കനടപടികൾ ആരംഭിച്ചിരുന്നു.

ii) വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം എക്സൈസ് ഇൻസ്പെക്ടറായിരുന്ന ശ്രീ.മുരുഗദാസ് സമർപ്പിച്ച വിശദീകരണം തൃപ്തികരമായതിനാൽ ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി ടി വിവരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്.

3. സിവിൽ എക്സൈസ് ഓഫീസർശ്രീ.പ്രിൻസ്.റ്റി.ജി, പരാമർശം (5) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ ചേർക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചിരിക്കുന്നു.

"വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, വയനാടിന്റെ പരിശോധനാ റിപ്പോർട്ടിൽ പണം കണ്ടെടുത്തതായി പറയപ്പെടുന്ന തിരുനെല്ലി ഗ്രാമ പഞ്ചായത്ത് X/691 നമ്പറുള്ള കെട്ടിടം ആസ്ബറ്റോസ് മേൽക്കൂര തകർന്ന്, വാതിലോ, ജനലുകളോ ഇല്ലാതെ തുറന്ന് കിടക്കുന്നതും, എക്സൈസ് വകുപ്പിന്റെ ഓഫീസ് കം കണ്ടെയ്നർ മൊഡ്യൂളിൽ നിന്നും 25 മീറ്ററോളം ദൂരെയായി, റോഡിന് എതിർ വശത്ത് സ്ഥിതി ചെയ്യുന്നതും, ബാവലിയിലെ ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ളതും ടിയാന് ടി കെട്ടിടവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി യാതൊരുവിധ വാടക കരാറും നിലവിലില്ലാത്തതും, എക്സൈസ് ഉദ്യോഗസ്ഥർ ടി കെട്ടിടത്തിലേക്ക് പ്രവേശിക്കാറില്ലാത്തതുമാണ്. 2016 -ൽ ബാവലി ചെക്ക്പോസ്റ്റിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കപ്പെടുന്നതിന് മുൻപ് എക്സൈസ് ഉദ്യോഗസ്ഥർ താൽകാലികമായി ഉപയോഗിച്ചു വന്നിരുന്നതായി പറയപ്പെടുന്നതാണ് മേൽ പറഞ്ഞ കെട്ടിടം. 2016-ന് ശേഷം ടി കെട്ടിടം എക്സൈസ് വകുപ്പ് ഉപയോഗിക്കുന്നില്ലെങ്കിലും, മേൽ കെട്ടിടത്തിന്റെ ഉടമയായ ബാവലി സ്വദേശി പള്ളത്ത് അബ്ബാസ് എന്നയാൾ, എക്സൈസ് വകുപ്പ് കെട്ടിടം ഉപയോഗിച്ചിരുന്ന 2016 ന് മുൻപുള്ള കാലത്തെ വാടക ലഭിക്കാത്തതിനാൽ എക്സൈസ്

വകുപ്പുമായി തർക്കം നിലനിൽക്കുന്നതായും, വാടക ലഭിക്കുന്നതിനു വേണ്ടിയും എക്സൈസ് വകുപ്പ് തുടർന്നും ടി കെട്ടിടം കൈവശപ്പെടുത്തി ഉപയോഗിക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നതിനും വേണ്ടി രാഷ്ട്രീയമായും, അല്ലാതെയും പരിശ്രമങ്ങൾ നടത്തി വരുന്നതായും, ടിയാൻ താലൂക്ക് വികസന സമിതിയിൽ പരാതി നൽകി, താലൂക്ക് വികസന സമിതി ചെയർമാൻ, ടിയാനനുകൂലമായി നിലപാടെടുത്തിട്ടുള്ളതായും, ആയത് സംബന്ധിച്ച് എക്സൈസ് വകുപ്പിന് കത്ത് നൽകിയിട്ടുള്ളതുമാണ് എന്നാണ് എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ടിയാന്റെ കൈവശത്തിലും, ഉടമസ്ഥതയിലും ഇരിക്കുന്ന ടി കെട്ടിടത്തിൽ നിന്ന് കണ്ടെടുത്തു എന്ന് പറയുന്ന പണം ടിയാൻ എക്സൈസ് വകുപ്പിനെ കളങ്കപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ അവിടെ വെച്ചതാകാനും സാധ്യതയുണ്ട്. ഞങ്ങൾ ചെക്ക് പോസ്റ്റിൽ നിരന്തര പരിശോധനകൾ നടത്തി കേസ്സുകൾ കണ്ടെടുക്കുന്നതു ഇഷ്ടപ്പെടാത്ത പ്രദേശത്തെ ചില സാമൂഹ്യ വിരുദ്ധർ ടിയാന്മാരുടെ ഇച്ഛ നടപ്പിലാക്കുന്നതിന് ഞാൻ ഒരു തടസ്സമാണ് എന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ എന്റെ മനോവീര്യം തകർക്കുന്നതിനും, ചെക്ക് പോസ്റ്റിൽ വെച്ചുള്ള കർശന വാഹന പരിശോധനകൾക്ക് തടയിടുന്നതിനുമായി നിരന്തരം ശ്രമിച്ചു വരുന്നതായി എനിക്കറിയാം. പ്രദേശവാസികളായ ചിലരുമായി ടിയാന്മാരുടെ വാഹനം പരിശോധിക്കുന്നത് സംബന്ധിച്ച് പലതവണ തർക്കങ്ങൾ ഉണ്ടായിട്ടുള്ളതുമാണ്. മേൽ ആളുകൾ കെട്ടിട ഉടമയും എക്സൈസ് വകുപ്പുമായുള്ള തർക്കം സംബന്ധിച്ച് അറിവുള്ളവരാണ്. ഇത് ഞങ്ങൾക്കെതിരെയുള്ള അവസരമായിക്കണ്ട് മേൽ പണം ടി ആളുകൾ അവിടെ കൊണ്ട് വെച്ചതാകാനും സാധ്യതയുണ്ട് എന്ന് ഞാൻ സംശയിക്കുന്നു. ആയതിനാൽ പണം കണ്ടെത്തി എന്ന് പറയപ്പെടുന്ന കെട്ടിടത്തിന്റെ ഉടമയെക്കൂടി ഉൾപ്പെടുത്തി നിഷ്പക്ഷമായ നടത്തിയാൽ ആയതിന്റെ യഥാർത്ഥ വസ്തുത കണ്ടെത്താനാവുന്നതാണ്.

i) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, വയനാട് യൂണിറ്റ്, നടത്തിയ പരിശോധനയിൽ കണ്ടെടുത്തതായി പറയുന്ന പ്രസ്തുത പണം ചെക്ക്പോസ്റ്റ് വഴി കടന്നു പോകുന്ന ചരക്ക് വാഹനങ്ങളിൽ നിന്നും, പരിശോധനാ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ കൈപ്പറ്റിയതാകാമെന്ന് സംശയിക്കുന്നതായുള്ള ആരോപണം ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു.

ii) ഞാൻ ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ടി ചെക്ക് പോസ്റ്റ് പ്രവർത്തിച്ചു വരുന്നത്, 2016-ൽ സ്ഥാപിച്ചിട്ടുള്ള കണ്ടെയ്നർ മൊഡ്യൂളിൽ ആണ്. 10.02.2023 തീയതി രാവിലെ 10.00 AM മണിക്ക് ഞാൻ ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിക്ക് ഹാജരാകുകയും, എന്നോടൊപ്പം സിവിൽ എക്സൈസ് ഓഫീസർ സുഷാദ്.പി.എസ് ഉം അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്നു. 10.02.2023 തീയതി ഉദ്ദേശം 12.00 PM മണി സമയത്ത് വിജിലൻസ് ആന്റ് ആൻ്റി കറപ്ഷൻ ബ്യൂറോ, വയനാട് യൂണിറ്റിലെ ഉദ്യോഗസ്ഥർ ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ, എന്റെ പണമിടപാട് സംബന്ധിച്ച Online Transaction, ഓഫീസിലെ Cash Declaration Register എന്നിവ വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുള്ളതും ആയവയൊക്കെ കൃത്യമെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ പരിശോധനയിൽ എന്റെ കൈവശത്തിൽ നിന്നോ, സ്വാധീനമോ, അധീനതയിലോ ഉള്ള സ്ഥലത്തു നിന്നോ യാതൊരു തുകയും വസ്തുക്കളും കണ്ടെത്തിയിട്ടില്ലാത്തതാണ്. ചെക്ക്പോസ്റ്റ് വഴി കടന്നു പോകുന്ന വാഹനങ്ങളിൽ നിന്നും നാളിതുവരെ യാതൊരു തുകയും ഞാൻ കൈപ്പറ്റിയിട്ടില്ലാത്തതും, സത്യസന്ധമായ മാത്രം

എന്റെ കർത്തവ്യ നിർവ്വഹണം നടത്തിവന്നിട്ടുള്ളതുമാണ്.

iii) വിജിലൻസ് ആന്റ് ആൻ്ററി കറപ്ഷൻ ബ്യൂറോ, വയനാടിന്റെ പരിശോധനാ റിപ്പോർട്ടിൽ പണം കണ്ടെടുത്തതായി പറയപ്പെടുന്ന തിരുനെല്ലി ഗ്രാമ പഞ്ചായത്ത് X/691 നമ്പറുള്ള കെട്ടിടം ആസ്ബറ്റോസ് മേൽക്കൂര തകർന്ന്, വാതിലോ, ജനലുകളോ ഇല്ലാതെ തുറന്ന് കിടക്കുന്നതും, എക്സൈസ് വകുപ്പിന്റെ ഓഫീസ് കം കണ്ടെയ്നർ മൊഡ്യൂളിൽ നിന്നും 25 മീറ്ററോളം ദൂരെയായി റോഡിന് എതിർവശത്ത് സ്ഥിതിചെയ്യുന്നതും, ബാവലി സ്വദേശിയായ അബ്ബാസ് എന്ന വ്യക്തിയുടെ കൈവശത്തിലുള്ളതും ടിയാന് ടി കെട്ടിടവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി യാതൊരുവിധ വാടക കരാറും നിലവിലില്ലാത്തതും, എക്സൈസ് ഉദ്യോഗസ്ഥർ ടി കെട്ടിടത്തിലേക്ക് പ്രവേശിക്കാറില്ലാത്തതുമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, വയനാട് യൂണിറ്റിലെ ഉദ്യോഗസ്ഥർ ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ പരിശോധന നടത്തിയ ദിവസം ഞാനും, സിവിൽ എക്സൈസ് ഓഫീസർ സുഷാദും കണ്ടെയ്നർ മൊഡ്യൂൾ പരിശോധന നടത്തുന്ന ഓഫീസർമാരുടെ കൂടെ നിൽക്കെ, കണ്ടെയ്നർ മൊഡ്യൂളിൽ നിന്നും രണ്ട് വിജിലൻസ് ഉദ്യോഗസ്ഥർ പുറത്തിറങ്ങിപ്പോവുകയും, മേൽ കെട്ടിടത്തിൽ നിന്നും, മേൽ തുക കണ്ടെത്തിയതായി ഞങ്ങളോട് വന്ന് പറയുകയുമാണുണ്ടായത്. ടി തുക കണ്ടെടുത്തത് ഞങ്ങളുടെ സാന്നിധ്യത്തിലോ, എക്സൈസ് വകുപ്പിന് അവകാശപ്പെട്ട സ്ഥലത്തു നിന്നോ അല്ല. മേൽ തുക സൂക്ഷിച്ചു വെച്ചത് സംബന്ധിച്ച് എനിക്ക് യാതൊരു മനസ്സറിവും ഇല്ലാത്തതാണ്.

iv) കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന പ്രദേശത്തോട് ചേർന്ന് പ്രവർത്തിക്കുന്ന എക്സൈസ് ചെക്ക്പോസ്റ്റാണ് ബാവലിയിൽ ഉള്ളത്. വൈകിട്ട് 6 മണിക്ക് ശേഷം കർണ്ണാടക ചെക്ക്പോസ്റ്റ് അടക്കുന്നതിനാൽ രാത്രി കാലങ്ങളിൽ, കേരളത്തിൽ നിന്നും കർണ്ണാടകയിലേക്ക് പോകുന്ന ചരക്കുവാഹനങ്ങൾ നിർത്തിയിടുന്നത് മേൽ കെട്ടിടത്തിന് സമീപത്തായാണ്. മേൽ വാഹനങ്ങളുടെ ഡ്രൈവർമാർ രാത്രി കാലങ്ങളിൽ വാഹനത്തിൽ നിന്നും പുറത്തിറങ്ങുകയും, ടി കെട്ടിടവും, ആയതിന് സമീപത്തുള്ള മേൽ കെട്ടിടം പോലെ തുറന്ന് കിടക്കുന്ന ആൾത്താമസമില്ലാത്ത മറ്റ് കെട്ടിടങ്ങളും അവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് കണ്ടിട്ടുള്ളതുമാണ്.

v) ബാവലി പ്രദേശവാസികളായ ആളുകളും, മേൽ പറഞ്ഞ ചരക്കുവാഹനങ്ങളിലെ ഡ്രൈവർമാരും ചേർന്ന് ലഹരിവസ്തുക്കളുടെ ഉപഭോഗമോ, വിപണനമോ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി മേൽ പ്രദേശവാസികളേയും, ഡ്രൈവർമാരേയും പല തവണ ചോദ്യം ചെയ്തിട്ടുള്ളതാണ്. ആയതിൽ ചില പ്രദേശവാസികൾ പ്രകോപനപരമായി ഞങ്ങളോട് സംസാരിച്ചിട്ടുള്ളതാണ്. ബാവലിയിൽ ജലക്ഷാമം രൂക്ഷമായതിനാൽ എക്സൈസ് വകുപ്പിന് ഉപയോഗിക്കുന്നതിന് റവന്യൂ വകുപ്പ് വിട്ടു നൽകിയിട്ടുള്ള കോവിഡ് ഫെസിലിറ്റേഷൻ സെന്ററിനോട് അനുബന്ധിച്ചുള്ള ബാത്ത്റൂം പൈപ്പ് നശിപ്പിച്ച് പോകുന്ന സാഹചര്യം പലതവണ ഉണ്ടായിട്ടുണ്ട്. രാത്രികാലങ്ങളിൽ കണ്ടെയ്നർ മൊഡ്യൂളിന് മുൻവശത്ത് മാത്രമേ പരിമിതമായ തോതിൽ വെളിച്ചം ലഭ്യമാകാറുള്ളൂ. ടി ചെക്ക് പോസ്റ്റിന് തൊട്ടു പുറക് വശം വനപ്രദേശമായതിനാലും, രാത്രികാലങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായതിനാലും, ബാരിക്കേഡ് താഴ്ത്തിവെച്ച് വാഹനങ്ങൾ കടന്നുവരുന്ന പക്ഷം ആയവ പരിശോധിച്ച് വിടുകമാത്രമാണ് ചെയ്തു വരുന്നത്. ചുറ്റുപാടും നടക്കുന്ന പ്രവൃത്തികൾ നിരീക്ഷിക്കാൻ പലപ്പോഴും ബുദ്ധിമുട്ട് നേരിടാറുണ്ട്. കൂടാതെ കർണ്ണാടക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മദ്യ-മയക്കുമരുന്ന് ലോബികളുടെയും,

സാമൂഹ്യ വിരുദ്ധരുടേയും താവളമാണ് മേൽ പ്രദേശം. പരിമിതമായ അംഗബലവും, ആയുധങ്ങളുടെ അപര്യാപ്തതയും മൂലം ചെക്ക്പോസ്റ്റിൽ ആവശ്യമായ വാഹന പരിശോധനകൾക്കപ്പുറം, സമീപ പ്രദേശങ്ങളിലെ പരിശോധനകൾ നടത്താൻ ഞങ്ങൾക്ക് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

vi) വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയ സമയം സിവിൽ എക്സൈസ് ഓഫീസർമാരായ ഞാനും, സുഷാദ്.പി.എസ് ഉം സ്ഥലത്തുണ്ടായിരുന്നുള്ളൂ. ടി പരിശോധന സംബന്ധിച്ച് ഞങ്ങളുടെ മേലുദ്യോഗസ്ഥരെ വിവരം ധരിപ്പിക്കുന്നതിന് വിജിലൻസ് ഉദ്യോഗസ്ഥർ ഞങ്ങളെ അനുവദിച്ചിട്ടില്ലാത്തതാണ്. കൂടാതെ, ടി ഉദ്യോഗസ്ഥർ തയ്യാറാക്കിയ റിപ്പോർട്ട് വായിച്ചു നോക്കുന്നതിന് ഞങ്ങളെ അനുവദിക്കാതെ, നിങ്ങളുടെ കൈവശത്ത് നിന്നും ഒന്നും കണ്ടെത്താത്തതിനാൽ നിങ്ങൾക്ക് യാതൊരു കുഴപ്പവും വരില്ല എന്നും, ഇതൊരു സാധാരണ പരിശോധന മാത്രമാണ് ധൈര്യമായി ഒപ്പ് ഇട്ടോളൂ എന്ന് പറയുകയും, ആയത് വിശ്വസിച്ച് വിജിലൻസ് ഉദ്യോഗസ്ഥരുടെ സമ്മർദ്ദത്തിന് വഴങ്ങി വായിച്ചുപോലും നോക്കാൻ അനുവദിക്കാതെ ചില പേപ്പറുകളിൽ ഞങ്ങൾ ഒപ്പിട്ടു കൊടുക്കുക മാത്രമാണുണ്ടായത്. തത്സമയം ടി ഉദ്യോഗസ്ഥരുടെ കൂടെ ഉണ്ടായിരുന്ന ഗസറ്റഡ് ഉദ്യോഗസ്ഥൻ, ടി ഉദ്യോഗസ്ഥർ കണ്ടെടുത്തതായി പറഞ്ഞ കറൻസി നോട്ടുകൾ വളരെ പഴകിയ നിലയിലിരുന്നിട്ടുള്ളതാണെന്ന് അവിടെ പരിശോധനക്കുണ്ടായിരുന്ന എല്ലാവരും കേൾക്കെ അഭിപ്രായപ്പെട്ടിട്ടുള്ളതും ആയത് സമയത്ത് കൂടെയുള്ളവർ അംഗീകരിച്ചിട്ടുള്ളതുമാണ്. പക്ഷെ മേൽ കാര്യങ്ങൾ ഒന്നും തന്നെ വിജിലൻസ് റിപ്പോർട്ടിൽ പരിഗണിക്കപ്പെട്ടിട്ടില്ല എന്നതാണ് കുറ്റാരോപണ പത്രികയിൽ നിന്നും എനിക്ക് ബോധ്യമാകുന്നത്. കൂടാതെ വിജിലൻസ് പരിശോധനയിൽ ടി കെട്ടിടത്തിന്റെ ഉടമസ്ഥനെ സംബന്ധിച്ചും, ആരുടെ കൈവശത്തിലാണ് എന്നത് സംബന്ധിച്ചും വിജിലൻസ് ഉദ്യോഗസ്ഥർ അന്വേഷിക്കുകയോ എക്സൈസ് വകുപ്പ് ആയത് ഉപയോഗിക്കുന്നില്ല എന്നത് അറിയിച്ചിട്ടും ആയത് പരിഗണിക്കാതെ ഏതോ മുൻധാരണയോടു കൂടി നടത്തിയ പരിശോധനയായിട്ടാണ് എനിക്ക് മനസ്സിലായത്.

vii) ഞാൻ ജോലി ചെയ്തിരുന്ന കാലയളവിൽ, ടി ചെക്ക്പോസ്റ്റിൽ നിന്നും നിരവധി അബ്കാരി,എൻ.ഡി.പി.എസ് കേസുകൾ കണ്ടെടുത്തിട്ടുള്ളതാണ്. ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിലിരിക്കെ ചെക്ക്പോസ്റ്റ് വഴി കടന്നു പോകുന്ന വാഹനങ്ങൾ പരിശോധിച്ച് അബ്കാരി/എൻ.ഡി.പി.എസ്/കോട്പ എന്നീ നിയമ ലംഘനങ്ങൾ നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുക എന്ന കാര്യം മറ്റ് ഉദ്യോഗസ്ഥരുടെയും കൂടി സാനിദ്ധ്യത്തിൽ ചെയ്യുക മാത്രമേ ഞാനിന്നു വരെ ചെയ്തിട്ടുള്ളൂ. ഒരു ചരക്ക് വാഹനത്തിൽ നിന്നും ഞാൻ ഇതുവരെ പാരിതോഷികമോ, പണമോ ആവശ്യപ്പെടുകയോ വാങ്ങുകയോ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ പരിമിതമായ വാഹനങ്ങൾ മാത്രം ടി ചെക്ക് പോസ്റ്റ് വഴി വരുന്നതിനാൽ എല്ലാ വാഹനങ്ങളും കൃത്യമായി പരിശോധിക്കാൻ സാധിക്കാറുണ്ട്. ആയതിനാൽ തന്നെ വാഹനങ്ങൾ വേഗത്തിൽ കടത്തി വിടുന്നില്ല എന്ന പരാതിയോ, ഡ്രൈവർമാരുടെ പരാതിയോ, വാഹനങ്ങൾ പരിശോധിക്കാതെ പണം കൈപ്പറ്റേണ്ട സാഹചര്യമോ നിലവിലില്ല. എന്റെ കൃത്യനിർവ്വഹണത്തിൽ യാതൊരു വീഴ്ചയും വരുത്താൻ ഞാൻ ഇടവരു ത്തിയിട്ടില്ലാത്തതും, യാതൊരു പെരുമാറ്റച്ചട്ട ലംഘനവും നടത്തിയിട്ടില്ലാത്തതുമാണ്.

viii) ഞാൻ മുത്തങ്ങ എക്സൈസ് ചെക്ക്പോസ്റ്റിൽ ജോലി ചെയ്തിരുന്ന കാലയളവിൽ, ടി ചെക്ക്പോസ്റ്റിൽ നിന്നും നിരവധി അബ്കാരി, എൻ.ഡി.പി.എസ് കേസുകൾ കണ്ടെടുത്തിട്ടുള്ളതാണ്. ബഹു. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ 30.11.2019

തീയതിയിലെ EXC/ENF/554/2019-XJ5 നമ്പർ ഉത്തരവ് പ്രകാരം, വാണിജ്യ അളവിലുള്ള NDPS കേസ് കണ്ടെടുക്കുന്നതിന് സഹായിച്ചതിന് എനിക്ക് സദ്സേവന രേഖയും, വൻ തോതിൽ പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തിയതിന് എക്സൈസ് കമ്മീഷണറുടെ അഭിനന്ദന സർട്ടിഫിക്കറ്റും ലഭിച്ചിട്ടുള്ളതാണ്.

ix) മേൽ പ്രകാരത്തിൽ നാളിതുവരെയായി ആത്മാർഥമായും, സത്യസന്ധമായും, മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളെ അർഹിക്കുന്ന ഗൗരവത്തിലെടുത്തു കൊണ്ടും, വകുപ്പിന്റെ അന്തസിനെ കളങ്കപ്പെടുത്തുന്ന തരത്തിൽ യാതൊരു വിധ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഇടനൽകാത്ത വിധം പ്രവർത്തിച്ചു വന്ന എനിക്കെതിരെ ചില സാമൂഹ്യ വിരുദ്ധരോ, കെട്ടിട ഉടമയോ ടിയാന്മാരുടെ ഇച്ഛ നടപ്പിലാക്കുന്നതിന് തടസ്സമാണ് എന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ എന്റെ മനോവീര്യം തകർക്കുന്നതിനും, ചെക്ക് പോസ്റ്റിൽ വെച്ചുള്ള കർശന വാഹന പരിശോധനകൾക്ക് തടയിടുന്നതിനുമായി നൽകിയിട്ടുള്ളതാണ് മേൽ പരാതി എന്ന് ഞാൻ സംശയിക്കുന്നു.

മേൽ സാഹചര്യത്തിൽ സമക്ഷത്തിങ്കൽ ദയവുണ്ടായി മേൽക്കാര്യത്തിൽ എന്റെ വിശദീകരണം സ്വീകരിച്ച് എനിക്കെതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു"

4. മേൽ പറഞ്ഞിരിക്കുന്നതിന് സമാനമായ വാദങ്ങൾ തന്നെയാണ് സിവിൽ എക്സൈസ് ഓഫീസർ സുഷാദ്.പി.എസും ഉന്നയിച്ചിരിക്കുന്നത്.

5. സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.പ്രിൻസ്.റ്റി.ജി, സുഷാദ്.പി.എസ് എന്നിവർ സമർപ്പിച്ച എതിർവാദ പത്രികയിൻമേൽ വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ 10.12.2023-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ പണം കണ്ടെടുത്തുവെന്ന് പറയുന്ന തിരുനെല്ലി ഗ്രാമപഞ്ചായത്ത് X/691 എന്ന് നമ്പരിട്ട കെട്ടിടം, കെട്ടിടത്തിന്റെ ഉടമസ്ഥതാ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ കെട്ടിട ഉടമയ്ക്ക് വാടക നൽകിയിട്ടില്ലായെന്നും, ആയതുകാരണം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലുള്ളതും, അടച്ചുറപ്പില്ലാത്തതുമായ കെട്ടിടം ഉടമസ്ഥൻ റിപ്പയർ ചെയ്ത് ലഭ്യമാക്കിയിട്ടില്ലായെന്നും, നിലവിൽ കണ്ടെയ്നർ മൊഡ്യൂളിലാണ് ചെക്ക്പോസ്റ്റ് പ്രവർത്തിച്ചുവരുന്നതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആരോപണ വിധേയരായ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. പ്രിൻസ്.റ്റി.ജി, സുഷാദ്.പി.എസ് എന്നിവർക്കെതിരെ നാളിതുവരെ യാതൊരു അച്ചടക്കനടപടികളും ഉണ്ടായിട്ടില്ലായെന്നും, എൻഫോഴ്സ്മെന്റ്/ വിമുക്തി മേഖലകളിൽ ടിയാന്മാർ നല്ലരീതിയിൽ പ്രവർത്തനം നടത്തിയിട്ടുള്ളതായും നിരവധി മികച്ച കേസുകൾ കണ്ടെടുക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും ടിയാന്മാർക്കെതിരെയുള്ള അച്ചടക്കനടപടികളിൽ അനുഭാവപൂർവ്വമായ സമീപനം കൈകൊള്ളാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ടി വിഷയത്തിൽ പഴയ എക്സൈസ് ചെക്ക് പോസ്റ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നിന്നും കണക്കിൽപെടാത്ത 250/- രൂപ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധനയിൽ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം ഗൗരവതരമാണെന്ന് ബോദ്ധ്യമാകുന്നതായും കുറ്റാരോപണ മെമ്മോയ്ക്ക് കുറ്റാരോപിതൻ സമർപ്പിച്ച മറുപടി

തൃപ്തികരമല്ലാത്തതുമാണെന്നും എക്സൈസ് കമ്മീഷണർ പരാമർശം (3) ലെ 03.09.2024- ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ 10.12.2023-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് X/691 നമ്പറുള്ള പഴയ എക്സൈസ് ചെക്ക് പോസ്റ്റ് കെട്ടിടത്തിലെ ഗ്യാസ് അടുപ്പിന് മുകളിലായി സ്ഥാപിച്ച പലക തട്ടിൽ വിരിച്ച ന്യൂസ് പേപ്പറിനടിയിൽ നിന്നും മടക്കി വെച്ച നിലയിൽ 120/- രൂപയും തൊട്ടടുത്ത മുറിയിലെ റാക്കിൽ ഒരു കാർഡ് ബോർഡ് ബോക്സിനുള്ളിൽ 130/- രൂപയും അനധികൃതമായി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണെങ്കിലും ടി കെട്ടിടം നിലവിൽ ചെക്ക്പോസ്റ്റ് പ്രവർത്തിച്ചുവരുന്ന കണ്ടെയ്നർ മൊഡ്യൂളിൽ നിന്നും 25 മീറ്ററോളം ദൂരത്തിൽ റോഡിന് എതിർവശത്ത് സ്ഥിതി ചെയ്യുന്നതും, ബാവലിയിലെ ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ളതാണെന്നും കെട്ടിട ഉടമസ്ഥന് ടി കെട്ടിടവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി യാതൊരുവിധ വാടക കരാറും നിലവിലില്ലായെന്നും, , ടി തുക കണ്ടെടുത്തത് കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലോ എക്സൈസ് വകുപ്പിന് അവകാശപ്പെട്ട സ്ഥലത്ത് നിന്നോ അല്ല എന്നും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ചെക്പോസ്റ്റിൽ പരിശോധന നടത്തിയതിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പണമിടപാട് സംബന്ധിച്ച ഓൺലൈൻ ട്രാൻസാക്ഷൻ, ഓഫീസിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ച് കൃത്യം എന്ന് വിജിലൻസ് ഉദ്യോഗസ്ഥർ ബോധ്യപ്പെട്ടതായും ബോധ്യമാകുന്നു.കൂടാതെ ആരോപണ വിധേയരായ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. പ്രിൻസ്.റ്റി.ജി, സുഷാദ്.പി.എസ് എന്നിവർക്കെതിരെ നാളിതുവരെ യാതൊരു അച്ചടക്കനടപടികളും ഉണ്ടായിട്ടില്ലായെന്നും, എൻഫോഴ്സ്മെന്റ്/ വിമുക്തി മേഖലകളിൽ ടിയാന്മാർ നല്ലരീതിയിൽ പ്രവർത്തനം നടത്തിയിട്ടുള്ളതായും നിരവധി മികച്ച കേസുകൾ കണ്ടെടുക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും ബോധ്യമാകുന്നു. എന്നിരുന്നാലും പഴയ എക്സൈസ് ചെക്ക് പോസ്റ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ നിന്നും കണക്കിൽപെടാത്ത തുക വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധനയിൽ കണ്ടെത്തിയത് ഒരു വസ്തുതയായി നിലനിൽക്കുന്നതിനാൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന കർശനമായ താക്കീത് നൽകി സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.പ്രിൻസ്.റ്റി.ജി, സുഷാദ്.പി.എസ് എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടികളിലെ മേൽ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4 വിജിലൻസ് (എ) വകുപ്പ്

5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം

6 വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 13-12-2024 09:58:52

സെക്ഷൻ ഓഫീസർ